പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 2100

12/02/2013 ൽ
മറുപടിക്ക്

## വിശ്വരൂപം സിനിമ സുഗമമായി പ്രദർശിപ്പിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കൃഷ്ണൻ | ശ്രീ. കെ.ബി. ഗണേഷ് കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) കമലഹാസന്റെ 'വിശ്വരൂപം' സിനിമ പ്രദർശിപ്പിക്കുന്നതിന് കേരളത്തിൽ എവിടെ യെങ്കിലും തടസ്സം നേരി ട്ടിട്ടുണ്ടോ ; വിശദമാക്കാമോ; | (എ) കെ.എസ്.എഫ്.ഡി.സി. യുടെ കീഴിലുള്ള നോർത്ത് പറവൂർ ചിത്രാഞ്ജലി തീയേറ്ററിൽ 25/1/13 ന് ഒരു പ്രദർശനം നടത്തുന്നതിന് തടസ്സം നേരിട്ടിരുന്നു. പ്രതിഷേധ പ്രകടനം അക്രമാസക്തമാവുകയും തീയേറ്ററിനുള്ളിലേക്ക് പ്രവേശിക്കുകയും ചെയ്തതിനെ തുടർന്ന് വസ്തുവകകൾക്ക് നാശനഷ്ടം സംഭവിച്ചു. തുടർന്ന് പോലീസ് കേസ്സ് ഫയൽ ചെയ്യുകയും അക്രമകാരികളിൽ നിന്നും നഷ്ടപരിഹാരമായി 1,13,550/ (ഒരു ലക്ഷത്തി പതിമൂന്നായിരത്തി അഞ്ഞൂറ്റി അൻപത്) രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) സിനിമാപ്രദർശനം സുഗമമായി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദ മാക്കാമോ ? | (ബി) 'വിശ്വരൂപം' പ്രദർശിപ്പിക്കുന്ന കെ.എസ്.എഫ്.ഡി. സി. തീയേറ്ററുകളിൽ സുഗമമായ പ്രദർശനത്തിന് തടസ്സം ഉണ്ടാവാത്ത തരത്തിൽ മതിയായ സുരക്ഷാ ഉദ്യോഗസ്ഥരെ നിയമിക്കുകയും അടിയന്തിര ഘട്ടങ്ങളിൽ വേണ്ട പോലീസ് സംരക്ഷണത്തിനുള്ള ഏർപ്പാടുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. |

Sheela H

സെക്ഷൻ ഓഫീസർ